മാതൃഭൂമി

11 November 2018

# ട്രോളിങ് നിരോധനം രണ്ട് ഘട്ടമാക്കാൻ ആലോചന

**മത്സ്യമേഖലയിലെ എല്ലാ വിഭാഗക്കാരുടെയും അഭിപ്രായം തേടിയേ നടപ്പാക്കൂ**

**കൊച്ചി ▸** സംസ്ഥാനത്ത് ഇപ്പോഴുള്ള ട്രോളിങ് നിരോധനം രണ്ടുഘട്ടമാക്കാൻ ആലോചന. 52 ദിവസമാണ് ഇപ്പോഴും നിരോധനം. ചില സംസ്ഥാനങ്ങളിൽ ഇത് 61 ദിവസമുണ്ട്. ചെമ്മീൻ പോലുള്ള മീനുകളുടെ പ്രജനനകാലം ഇപ്പോഴും ട്രോളിങ് നിരോധനം ഏർപ്പെടുത്തുന്ന സമയത്തല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് ആലോചന. മത്സ്യത്തൊഴിലാളികളെ വിശ്വസത്തിലെടുത്തേ ഏതു തീരുമാനവുമെടുക്കൂവെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു.

ട്രോളിങ് നിരോധനത്തിൽ ഉപരിതല മത്സ്യങ്ങളാണ് പ്രധാനമായും ഉൾപ്പെടുന്നത്. ഇവയുടെ പ്രജനന കാലം കണക്കിലെടുത്താണ് ഇവയെ പിടിക്കുന്നത് നിശ്ചിതകാലത്തേക്ക് തടയുന്നത്. ഈവർഷം ജൂൺ 10 മുതൽ 52 ദിവസത്തേക്കായിരുന്നു നിരോധനം. പതിവുള്ള 47-ൽനിന്ന് അഞ്ച് ദിവസം വർധിപ്പിക്കുകയായിരുന്നു.

എന്നാൽ, ചെമ്മീൻ വർഗത്തിൽപ്പെടുന്ന മീനുകൾ, കണവ തുടങ്ങിയവയുടെ പ്രജനനകാലം ഒക്ടോബർ-നവംബർ മാസങ്ങളിലാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം(സി.എം.എഫ്.ആർ.ഐ.) നടത്തിയ ഗവേഷണത്തിൽ വ്യക്തമായിട്ടുണ്ട്. അതിനാൽ ട്രോളിങ് നിരോധനം രണ്ടു ഘട്ടത്തിലാക്കി ഈ സമയം കൂടി ഉൾപ്പെടുത്തണമെന്ന നിർദേശമാണുള്ളത്. മത്സ്യബന്ധന മേഖലയിലുള്ള എല്ലാവരുമായും ചർച്ച ചെയ്തേ ഇങ്ങനെയൊരു നിർദേശം നടപ്പാക്കൂവെന്ന് ഫിഷറീസ് മന്ത്രി വ്യക്തമാക്കി. കൊച്ചിയിൽ നടക്കുന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളത്തിന്റെ രണ്ടാം ദിവസമായ ഞായറാഴ്ച മത്സ്യത്തൊഴിലാളികളെയും വിളിച്ചിട്ടുണ്ട്.

# വികസനം മത്സ്യത്തൊഴിലാളികൾക്ക് എതിരാകരുത് -മുഖ്യമന്ത്രി

**കൊച്ചി ▸** മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പാക്കി വേണം വികസന പദ്ധതികൾ നടപ്പാക്കാനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. മത്സ്യമേഖലയിലെ സാധ്യതകൾ പൂർണമായും വിനിയോഗിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. പരമ്പരാഗതമായ അറിവുകളും ശാസ്ത്രീയ സംവിധാനങ്ങളും മത്സ്യമേഖലയുടെ പരിപാലനത്തിന് ഉപയോഗിക്കണം. വിവരസാങ്കേതികതയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നത് ഗുണം ചെയ്യും. കാലാവസ്ഥാ പ്രവചനം മുതൽ മത്സ്യലഭ്യത വരെയുള്ള മേഖലകളിൽ ഇതര ഉപയോഗിക്കാം.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിൽ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സർക്കാർ കൂടുതൽ ഊന്നൽ നൽകും.

സംസ്ഥാനതലത്തിൽ തുടങ്ങി ഗ്രാമതലത്തിലേക്ക് വരെ നീളുന്ന ഫിഷറീസ് മാനേജ്മെൻറ് കൗൺസിലുകൾ ഇതിന്റെ ഭാഗമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ശേഷിവികസനത്തിനായി സംസ്ഥാന സർക്കാർ ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കേന്ദ്രത്തിന്റെ കൂടുതൽ പിന്തുണ ആവശ്യമാണ്.

സമുദ്രമേഖലയുടെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധന രീതികൾ നടപ്പാക്കുന്നതിനും സംസ്ഥാനങ്ങളുടെ കൂട്ടായ്മ ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ അധ്യക്ഷത വഹിച്ചു. ദേശീയ സമുദ്രമത്സ്യ നയത്തെക്കുറിച്ച് ഒട്ടേറെ ആശങ്കകൾ നിലനിൽക്കുന്നുണ്ടെന്ന് അവർ പറഞ്ഞു.



കൊച്ചിയിൽ നടക്കുന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ വേദിയിൽ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ, പുതുച്ചേരി മന്ത്രി മല്ലാടി കൃഷ്ണറാവു എന്നിവരോടൊപ്പം

സ്വകാര്യ പങ്കാളിത്തവും വിദേശ സാങ്കേതികതയുമെല്ലാം അനുവദിക്കുന്നത് മത്സ്യസമ്പത്തിന്റെ ചൂഷണത്തിന് ഇടയാക്കും. സമുദ്രത്തിനാകെ നാശമുണ്ടാക്കുന്ന രീതിയിലുള്ള മത്സ്യബന്ധന മാതൃകകൾ പ്രോത്സാഹിപ്പിക്കരുതെന്നും അവർ പറഞ്ഞു.

സമുദ്രമത്സ്യ നിയന്ത്രണ ചട്ടത്തിന്റെ മലയാള പരിഭാഷ മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി മേഴ്സിക്കുട്ടിയമ്മയ്ക്ക് നൽകി പ്രകാശനം ചെയ്തു. മഹാരാഷ്ട്ര മന്ത്രി മഹാദേവ് ജഗന്നാഥ് ജാൻകർ, പുതുച്ചേരി മന്ത്രി മല്ലാടി കൃഷ്ണറാവു, ജോൺ ഫെർണാണ്ടസ് എം.എൽ.എ., ഹൈബി ഈഡൻ എം.എൽ.എ., മേയർ സൗമിനി ജെയിൻ എന്നിവർ സംസാരിച്ചു.

ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ സ്വാഗതവും ഫിഷറീസ് ഡയറക്ടർ എസ്. വെങ്കിടേശപതി നന്ദിയും പറഞ്ഞു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ എ. ഗോപാലകൃഷ്ണൻ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പൊന്നാടയണിയിച്ചു.

# ‘സമുദ്രത്തിൽ സംസ്ഥാനങ്ങളുടെ അധികാരപരിധി 36 നോട്ടിക്കൽ മൈലാക്കണം’

**കൊച്ചി ▸** സമുദ്രത്തിൽ സംസ്ഥാനങ്ങളുടെ അധികാരപരിധി 12 നോട്ടിക്കൽ മൈലിൽ നിന്ന് 36 നോട്ടിക്കൽ മൈലാക്കണമെന്ന് ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനം. കേന്ദ്രത്തിൽ പ്രത്യേക ഫിഷറീസ് മന്ത്രാലയം വേണമെന്നും ആവശ്യമുയർന്നതായി കൊച്ചിയിൽ നടക്കുന്ന സമ്മേളനത്തിലെ ചർച്ചകൾ വിശദീകരിച്ച സംസ്ഥാന ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു.

മത്സ്യമേഖലയുടെ സംരക്ഷണത്തിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ യോജിച്ചുനീങ്ങണം. കേരളം നടപ്പാക്കിയ നിയന്ത്രണങ്ങൾക്ക് മികച്ച പ്രതികരണമാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ലഭിച്ചത്. കടലിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും സഹകരണത്തോടെ 'ശുചിത്വസാഗരം' പോലുള്ള പദ്ധതികൾ മറ്റ് സംസ്ഥാനങ്ങളും നടപ്പാക്കണം. കേരളം നടപ്പാക്കിയ മിനിമം ലീഗൽ സൈസ് (പിടിക്കുന്ന മീനുകളുടെ നിയമപരമായ കുറഞ്ഞ വലിപ്പം) പോലുള്ള നടപടികളും വ്യാപിപ്പിക്കണം. ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴിയുള്ള പദ്ധതികൾ വേണം. വിനാശകരമായ മീൻപിടിത്ത രീതികൾ നിരോധിക്കണം, മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നിരീക്ഷണ സുരക്ഷാ സംവിധാനങ്ങൾ (എ.ഐ.എസ്.) ഒരുക്കണം എന്നീ നിർദേശങ്ങളും സമ്മേളനത്തിൽ ഉയർന്നു. ഹാർബറുകളുടെ നടത്തിപ്പിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയുള്ള മാതൃക സ്വീകരിക്കണം - മന്ത്രി പറഞ്ഞു.

പുതുച്ചേരി, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ള ഫിഷറീസ് മന്ത്രിമാർ എത്തിയിരുന്നു. കർണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ നിന്നുള്ള മന്ത്രിമാർ അവസാനനിമിഷം യാത്ര റദ്ദാക്കിയെന്ന് മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. എല്ലായിടത്തു നിന്നും ഉന്നത ഉദ്യോഗസ്ഥർ എത്തിയിരുന്നു. സമ്മേളനം ഞായറാഴ്ച സമാപിക്കും.

മഹാരാഷ്ട്ര മന്ത്രി മഹാദേവ് ജഗന്നാഥ് ജാങ്കർ, കേന്ദ്ര ഫിഷറീസ് വികസന കമ്മിഷണർ പോൾ പാണ്ഡ്യൻ, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.